# പടവുകൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ




## ഗവ എൽ പി എസ് അവണാകുഴി

# താളുകൾ മറിയുമ്പോൾ


| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| ☛ ആമുഖം | 1 |
| ☛ വിദ്യാലയ ചരിത്രം | 2 |
| ☛ അടിസ്ഥാന വിവരങ്ങൾ | 3 |
| ☛ കാഴ്ചപ്പാട് | 5 |
| ☛ പൊതുലക്ഷ്യങ്ങൾ | 6 |
| ☛ പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ | 8 |
| ☛ അക്കാദമിക പൊതുപ്രവർത്തനങ്ങൾ | 9 |
| ☛ പദ്ധതി വിശദാംശങ്ങൾ | |
| •നറുമൊഴി | 11 |
| •സ്വീറ്റി ഇംഗ്ലീഷ് | 22 |
| •ഗണിതച്ചെപ്പ് | 29 |
| •പ്രകൃതിയും ഞാനും | 34 |
| •ആരോഗ്യകായികം | 40 |
| •നിറക്കൂട്ട് | 43 |
| • നവമാധ്യമം | 44 |
| •സമൂഹവും വിദ്യാലയവും | 45 |
| ☛ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ | 46 |
| ☛ ഉപസംഗ്രഹം | 47 |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലെത്തിക്കുക, അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കുന്നതിനായി ഓരോ കുട്ടിയുടെയും കഴിവുകളും പരിമിധികളും തിരിച്ചറിഞ്ഞ് വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും സമഗ്രമായ അക്കാമിക വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രവും ആസൂത്രതിതവുമായ രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.

# ഗവ:എൽ പി എസ് അവണാകുഴി

**മംഗ്ലാവ്** അഥവാ പെൺപള്ളിക്കൂടം എന്നറിയപ്പെട്ടിരുന്ന അവണാകുഴി ഗവ:എൽ പി എസ് 114 വർഷങ്ങൾക്കു മുമ്പ് അവണാകുഴി സി എസ് ഐ ചർച്ച് സംഭാവനയായി നൽകിയ ഭവനത്തിലായിരുന്നു ആരംഭം കുറിച്ചത്. 1984-ൽ ബഹുമാനപ്പെട്ട ടി എം ജേക്കബ്ബ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ് ഇന്നത്തെ കെട്ടിടം ഉത്ഘാടനം ചെയ്തത്. പിന്നീട് ഈ സ്കൂൾ കോമ്പൗണ്ടിൽ ബാലരാമപുരം ബി ആർ സി കെട്ടിടം നിർമ്മിച്ചു. 1987-ൽ പി റ്റി എ യുടെ സഹകരണത്തോടെ പ്രീ പ്രൈമറി ക്ലാസ്സുകൾ നിലവിൽ വന്നു.

മുൻ എം എൽ എ യും സ്വാതന്ത്ര്യ സമരസേനാനിയുമായിരുന്ന അവണാകുഴി സദാശിവൻ, നാടക കൃത്തായ വെൺപകൽ ഹരികുമാർ തുടങ്ങിയവർ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളായിരുന്നു. 1984-ൽ ഈ സ്കൂളിന്റെ പുതിയ ഇരുനില കെട്ടിടം ഉത്ഘാടനം ചെയ്തു. 1996-97 അധ്യയന വർഷം സ്കൂളിന് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി കിണർ അനുവദിച്ചു. 1997-98 കാലഘട്ടത്തിൽ ഡി പി ഇ പി നടപ്പിലാക്കിയപ്പോൾ വിദ്യാഭ്യാസ മേഖലയിൽ മാറ്റത്തിന്റെ ചരിത്ര മുഹൂർത്തങ്ങൾ സൃഷ്ടിക്കാൻ ഈ സ്കൂളിലെ അധ്യാപകർ കൂട്ടായ പരിശ്രമം നടത്തി.

തൊട്ടടുത്ത് അംഗീകാരമില്ലാത്ത പല സ്കൂളുകളും ആവിർഭവിച്ചത് അവണാകുഴി ഗവ:എൽ പി എസ്സിൽ ഓരോ വർഷവും കുട്ടികൾ കുറയുന്നതിന് കാരണമായി. കുട്ടികളിൽ എസ് എസ് എ വിഭാവന ചെയ്യുന്ന പഠന നേട്ടങ്ങൾ ഉറപ്പിക്കാനും, മെച്ചപ്പെട്ട പഠനനിലവാരം ഉറപ്പിക്കാനും ഈ വിദ്യാലയത്തിലെ അധ്യാപകരും രക്ഷിതാക്കളും പരിശ്രമം തുടർന്നുകൊണ്ടിരുന്നു. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും താങ്ങും തണലുമായി എസ് എം സി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഒരു കാലത്ത് അടച്ചു പൂട്ടൽ ഭീഷണി നേരിട്ട ഈ കൊച്ചു വിദ്യാലയം ഇന്ന് അതിന്റെ നേർധാരയിലൂടെ കടന്നു പോയ്ക്കൊണ്ടിരിക്കുന്ന കാര്യം സന്തോഷപുരസരം അറിയിക്കുന്നു.

# ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ:എൽ പി എസ് അവണാകുഴി |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| ബ്ലോക്ക് | : | അതിയന്നൂർ |
| പഞ്ചായത്ത് | : | അതിയന്നൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | ബാലരാമപുരം |
| സ്ഥാപിതം | : | 1905 |
| ക്ലാസ്സ് | : | പ്രീ പ്രൈമറി മുതൽ V വരെ ഇംഗ്ലീഷ്& മലയാളം മീഡിയം |

## പ്രതിസന്ധികളും പരിമിതികളും

- എല്ലാ ക്ലാസ്സ്റൂമുകളും സ്മാർട്ട് ക്ലാസ്സ് റൂം ആക്കുക.
- മഴവെള്ള സംഭരണി നിർമ്മിക്കുക.
- സ്കൂൾ ലൈബ്രറി നവീകരണത്തിനാവശ്യമായ പുസ്തകങ്ങൾ
- ശാസ്ത്ര, ഗണിത ശാസ്ത്ര ലാബ്
- കലാകായിക അധ്യാപകരുടെ അപര്യാപ്തത
- വിറകുപുര, മെച്ചപ്പെട്ട സ്റ്റോർ റൂം
- സ്കൂളിനാവശ്യമായ കളിസ്ഥലം
- ഉച്ചഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ ഡൈനിംഗ് ഹാൾ
- കായികാദ്യാസത്തിന് ആവശ്യമായ കളിക്കോപ്പുകൾ
- സ്കൂൾ അസംബ്ലിക് ബാന്റ് സെറ്റ്
- സ്കൂൾ ഇലക്ട്രിഫിക്കേഷൻ
- കൂടുതൽ ക്ലാസ്സ് മുറികൾ

## കാഴ്ചപ്പാട്

ഈ വിദ്യാലയം ഒരു അപ്പർപ്രൈമറി വിദ്യാലയമായി മാറണം. മുതിർന്ന കുട്ടികൾ മറ്റൊരു വിദ്യാലയത്തിൽ പഠിക്കുമ്പോൾ സ്വാഭാവിക മായും ഇളയകുട്ടികളെ ആ വിദ്യാലയത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള സാധ്യത ഏറെയാണ്. ഈ വിദ്യാലയം അപ്പർപ്രൈമറി ആയി മാറുമ്പോൾ ബാലരമാപുരത്തിന്റെ ഹൃദയമായ ബി ആർ സി ക്ക് മുന്നിലായതിനാൽ ഇതിന്റെ വളർച്ച പ്രതീക്ഷിക്കാവുന്നതിലും അപ്പുറത്തായിരിക്കും. ജൈവ വൈവിധ്യം കൊണ്ടും പഠനപുരോഗതികൊണ്ടും സമ്പുഷ്ടമാകുന്ന ഈ കൊച്ചു വിദ്യാലയം വരും തലമുറയിലെ ഉന്നതൻമാരെയും നല്ല മനുഷ്യ സമൂഹത്തെയും വാർത്തെടുക്കും എന്ന കാര്യത്തിൽ സംശയമില്ല.

## പൊതുലക്ഷ്യങ്ങൾ

- ഈ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- പഠനം കുട്ടികളിൽ അനുഭവമാക്കി മാറ്റി സാമൂഹികമായ നിലിൽപ്പിനു വേണ്ടിയുള്ള ജീവിത മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ വളർത്തുക.
- നൂതന വിലയിരുത്തൽ തന്ത്രങ്ങളിലൂടെ കുട്ടികളെ വിലയിരുത്തുക.
- സ്കൂൾ പരിസരം തന്നെ പാഠപുസ്തകമാറ്റി മാറ്റുക.
- തുല്യത ഉറപ്പാക്കികൊണ്ടുള്ള പഠനം സാധ്യമാക്കുക.
- പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ പഠന പിന്തുണ ഉറപ്പാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനം ഉറപ്പാക്കുക.
- കുട്ടികളുടെ പ്രവൃത്തി പരിചയ കഴിവുകൾ വികസിപ്പിക്കുക.
- മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക.
- കുട്ടികളുടെ കലാകായിക അഭിരുചി കണ്ടെത്തി പരിപോഷിപ്പിക്കുക.
- കുട്ടികളുടെ അക്കാദമിക കാര്യങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പിക്കുക.

- അധ്യാപക ശാക്തീകരണം ഉറപ്പാക്കുക.
- ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗവും നിലവാരവും ഉറപ്പാക്കുക.
- കുട്ടികളുടെ മാനസിക വൈകാരജിക അവസ്ഥയ്ക്കനുസരിച്ചുള്ള പഠനം ഉറപ്പാക്കൽ
- ലഹരി വിമുക്ത മനോഭാവം വളർത്തുക.
- കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക.
- ക്ലാസ്മുറികൾ ഹൈ-ടെക്ക് ആക്കുക.
- സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക., ആകർഷകമാക്കുക.
- പിന്നോക്കക്കാരെ കണ്ടെത്തി അവരെ മുഖ്യധാരയിലെത്തിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ പഠനാനുഭവങ്ങൾ ലഭ്യമാക്കുക.

# പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ

- ഓരോ ക്ലാസിലും ഉള്ള പഠനനേട്ടങ്ങൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തൽ.
- സമയബന്ധിത പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ഉന്നതനിലവാരത്തിലെത്തിക്കുക.
- പഠനത്തിനും വികാസത്തിനും എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ ഒരുക്കുക.
- മികച്ച മാനസിക-ശാരീരിക-വൈകാരിക ആരോഗ്യം ഉറപ്പുവരുത്തുക.
- മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തുക.
- വിദ്യാലയ പ്രവർത്തനങ്ങൾക്ക് ജനകീയ സംവിധാനങ്ങളുടെ പിന്തുണ ഉറപ്പുവരുത്തുക.

# അക്കാദമിക പൊതുപ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ടാർജറ്റ്(ഗ്രൂപ്പ് ക്ലാസ് വിഷയം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | പ്രത്യേക പരിശീലനം | I-V | June-March | ഇംഗ്ലീഷ് അധ്യാപകൻ അധ്യാപക വിദഗ്ധർ പി.റ്റി.എ പൂർവ്വ വിദ്യാർത്ഥികൾ |
| | | ശില്പശാലകൾ സ്കിറ്റ്, റോൾ പ്ലേ എന്നിവ സംഘടിപ്പിക്കൽ അഭിമുഖങ്ങൾക്ക് അവസരം ഒരുക്കൽ ഇംഗ്ലീഷ് സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കൽ | I-V | June-March | ഇംഗ്ലീഷ് അധ്യാപകൻ അധ്യാപക വിദഗ്ധർ പി.റ്റി.എ പൂർവ്വ വിദ്യാർത്ഥികൾ |
| 2 | എൽ. എസ്. എസ് പരീക്ഷയിൽ ഉന്നത വിജയം നേടുക | സ്കൂൾ ആരംഭം മുതൽ എൽ.എസ്.എസ് പരിശീലന ക്ലാസ് വിഷയവിദഗ്ധരുടെ ക്ലാസുകൾ രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ മാതൃകാ പരീക്ഷകൾ | III & IV | September-February | അധ്യാപകർ, എസ് എസ് ജി അംഗങ്ങൾ ബി ആർ സി |
| 3 | പൊതുവിജ്ഞാനം വളർത്തൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസുകൾ പത്രവാർത്ത ക്വിസ് ആർക്കറിയാം (അസ്ബ്ലിയിൽ ചോദ്യം) ചോദ്യോത്തര പെട്ടി മെഗാക്വിസ് | I& V | June-March ദിവസവും | ക്ലാസ് അധ്യാപകർ |
| 4 | | | I& V | June-March | |

| | | | | | |
|---|---|---|---|---|---|
| 5 | മൂല്യബോധമുള്ള പൗരനമാരെ വാർത്തെടുക്കൽ<br><br>പ്രായോഗിക പ്രശ്നം കൈ കാര്യം ചെയ്യൽ ഗണിതം നിത്യ ജീവിതത്തിൽ സത്യസന്ധത ക്രയവിക്രയം ചെയ്യാനുള്ള കഴിവ് മൂല്യ ബോധം വളർത്തൽ | ഗുണപാഠകഥകൾ സി ഡി പ്രദർശന ങ്ങൾ<br><br>ഓണസ്റ്റിഷോപ്പ് | I& V | June-March | അധ്യാപകർ രക്ഷിതാക്കൾ എസ്,എസ് ജി അംഗങ്ങൾ<br><br>കുട്ടികൾ |
| 6 | നിലവാരത്തിനനു സരിച്ചുള്ള അധിക പഠന സാമഗ്രികൾ തയ്യാറാക്കൽ ശേഖരിക്കൽ | വർക്ക്ഷീറ്റ് നിർമ്മാണം വർക്ക്ഷീറ്റുകൾ ശേഖരിക്കൽ | I& V | April May June | അധ്യാപകർ പി റ്റി എ എസ് എസ് ജി |
| 7 | പഠനോപകരണ നിർമ്മാണവും ശേഖരണവും | പഠന നേട്ടങ്ങൾ കൈവരിക്കാൻ ഉത കുന്ന പഠനോപകര ങ്ങൾ നിർമ്മിൽ, പ്രവർത്തന ശില്പ ശാല | I& V | April May June | അധ്യാപകർ പി റ്റി എ എസ് എസ് ജി |
| 8 | പ്രീ-പ്രൈമറി ശാക്തീകർണം പ്രീ-പ്രൈമറി കുട്ടികളുടെ ഭപശീ വികസന ത്തിനും ഭൗതിക വികസനത്തിനും മുൻതൂക്കം നൽകുക | അനുയോജ്യമായ വർക്ക് ഷീറ്റുകൾ കളി ഉപകരണ ങ്ങൾ കളികൾ എന്നിവയിലൂടെ പഠനം രസകരവും അനായാസവും ആക്കൽ | Pre-primary | June-March | അധ്യാപകർ പ്രീ-പ്രൈമറി അധ്യാപകർ പി റ്റി എ എസ് എസ് ജി |

# പദ്ധതി വിശദാംശങ്ങൾ

# നറുമൊഴി

## (മലയാളം)

### ആമുഖം

*'വായനാധനം സർവ്വധനാൽ പ്രധാനം'*

എന്നത് യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി വിദ്യാർത്ഥികളെയും സമൂഹത്തെയും എഴുത്തിന്റെയും, വായനയുടെയും ലോകത്തേക്ക് നയിക്കാനും മികച്ച വായനക്കാരാക്കാനും ലക്ഷ്യമിടുന്നു. ഈ ലക്ഷ്യസാക്ഷാത്ഫാരത്തിനായി വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ ധാരയിലെത്തിച്ച് വിദ്യാലയത്തെ വായനയുടെ സർഗ്ഗപ്രപഞ്ചമാക്കി തീർക്കാനുള്ള ഒരു മഹത്സംരംഭം. ഗവ: എൽ. പി. എസ് അവണാകുഴി എസ്. എം. സി, എസ്. എസ്. ജി, ബി. ആർ. സി, ഡി. ഐ. ഇ. റ്റി എസ്. സി. ഇ. ആർ. റ്റി, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു നൂതന പദ്ധതി - **'നറുമൊഴി'**

മുഖ്യലക്ഷ്യങ്ങൾ:-

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു, എഴുതുന്നു എന്ന് ഉറപ്പുവരുത്തുക.

ഉപലക്ഷ്യങ്ങൾ:-

- എല്ലാ കുട്ടികളും അവരുടെ നിലവാരമനുസരിച്ച് ഭാഷയുടെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- വായന പരിപോഷിപ്പിക്കുന്നതിന് വൈവിദ്ധ്യമാർന്ന അവസരങ്ങൾ ഒരുക്കുക.
- സ്കൂൾ ലൈബ്രറി ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക.
- ഗ്രന്ഥശാലയിൽ അംഗത്വം എടുക്കുക.
- വിവിധ നിലവാരത്തിലുള്ള വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയ്ക്കും എഴുത്തിനും പ്രാധാന്യം നൽകുക.
- ക്ലാസ്സ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തുക.
- ഓരോ കുട്ടിക്കും വീട്ടു ലൈബ്രറി സംവിധാനം ഏർപ്പെടുത്തുക.
- ജന്മദിനത്തിന് ഒരു പുസ്തകം പദ്ധതി നടപ്പിലാക്കുക.
- പത്രവായന പ്രോത്സാഹിപ്പിക്കുക.
- വായനാകാർഡുകൾ പരമാവധി ശേഖരിക്കുക, നിർമ്മിക്കുക.
- രക്ഷിതാക്കളുടെ വായന പരിപോഷണത്തിനായി 'വീട്ടിലൊരു പുസ്തകം' പദ്ധതി നടപ്പിലാക്കുക.
- പുസ്തക ക്ലിനിക്ക്, ഭാഷാ ലാബ് എന്നിവ നടപ്പിലാക്കുക.

മുഖ്യലക്ഷ്യം:-

2. <u>കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക</u>

ഉപലക്ഷ്യങ്ങൾ:-

- സാഹിത്യകാരൻമാരുമായി സംവദിക്കുന്നതിനുള്ള അവസരം പരമാവധി ലഭ്യമാക്കൽ.
- ചുമർ മാസിക, ഇൻലന്റ് മാസിക എന്നിവ പരിപോഷിപ്പിക്കുക.
- ക്ലാസ് പത്രം, സ്കൂൾ പത്രം എന്നിവ പ്രസിദ്ധീകരിക്കുക.(3,4,5 ക്ലാസുകളിൽ)
- ഭാഷാപരമായ സർഗവാസനകളെ പരിപോഷിപ്പിക്കുക.
- കലാകാരൻമാരുടെ സേവനം ലഭ്യമാക്കുക.

3. <u>കുട്ടികളുടെ രംഗവേദികൾ</u>

- കുട്ടികളുടെ ആകാശവാണി പരിപാടി ആവിഷ്ക്കരിക്കുക.
- ഭാഷയുമായി ബന്ധപ്പെട്ട ഐ. സി. റ്റി സാധ്യതകൾ പരിചയപ്പെടുത്തുക.
- ഭാഷയുമായി ബന്ധപ്പെട്ട സി ഡി ലൈബ്രറി സംഘടിപ്പിക്കുക.
- കവിത കേൾക്കുന്നതിനും, ചൊല്ലുന്നതിനും അവസരങ്ങൾ ഒരുക്കുക.
- ആകാശവാണി, ബാലസഭ എന്നിവ നടപ്പിലാക്കുക.
- പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്ക്കരണം നടത്തുക.

# പ്രവർത്തനങ്ങൾ

## *ദീപ്തംമലയാളം

- <u>പ്രീ- ടെസ്റ്റ് -</u> പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തൽ.
  അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കൽ.
- ചിത്രങ്ങളുടെയും സാധനസാമഗ്രികളുടെയും സഹായത്താൽ
- മലയാളം അക്ഷരങ്ങൾ, അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ
- ഉറപ്പിക്കൽ.
- <u>ചിത്രങ്ങളിൽ നിന്നും വാക്കുകൾ, വാക്യങ്ങൾ എന്നിവയിലേയ്ക്ക്</u>
  ചിത്രങ്ങളിൽ നിന്നും കഥ, കവിത എന്നീ സർഗ്ഗാത്മ രചനയി ലേയ്ക്ക്
- <u>കഥ - ബാക്കി പറയൽ, എഴുതൽ, അവതരണം</u>
  സൂചനകളിൽ നിന്നും കഥ വികസിപ്പിച്ചു പറയൽ, എഴുത്ത്, എഴുതിയ കഥ അവതരിപ്പിക്കൽ..
- <u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ -</u>
  പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുയുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ, ഐ. ഇ. ഡി അധ്യാപകരുടെ സേവനം ഉറപ്പാക്കൽ

## *വായനാസാക്ഷാത്ക്കാരം

- <u>ക്ലാസ്സ് ലൈബ്രറി -</u>
  കുട്ടികൾ, അധ്യാപകർ, സമൂഹം എന്നിവരുടെ കൂട്ടായ്മയിലൂടെ ക്ലാസ് ലൈബ്രറികൾ നവീകരിക്കൽ
- <u>സ്കൂൾ ലൈബ്രറി നവീകരണം -</u>
  ലഭ്യമായ പുസ്തകങ്ങൾ തരം തിരിക്കൽ, ഓരോ ക്ലാസിനും ഉപ യോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, വിഷയാ ടിസ്ഥാനത്തിൽ വായനാശാല നവീകരിക്കൽ.

× 'ജന്മദിനത്തിന് ഒരു പുസ്തകം പദ്ധതി '

ജന്മദിന സമ്മാനമായി കുട്ടികൾ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യൽ. സംഭാവന ചെയ്യുന്ന പുസ്തകം പരിചയപ്പെടുത്തൽ.

×

മുറ്റത്തെ പുസ്തകാലയം

തൊട്ടടുത്തുള്ള ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക പരിചയം.

× വായനോത്സവം

വായനകുറിപ്പ് ,പുസ്തകം പരിചയപ്പെടൽ, മികച്ച വായനക്കാരെകണ്ടെത്തൽ ,വായിച്ച കൃതികളുടെ രംഗാവിഷ്കരണം .

× പത്രപാരായണം

വിവിധ പത്രങ്ങൾ ലഭ്യമാക്കൽ , വാർത്താ തയ്യാറാക്കൽ ,പുതിയ അറിവുകൾ കണ്ടെത്തൽ , പത്ര ക്വിസ്സ്, പത്ര കട്ടിംഗ്സ് ശേഖരണം ,കൊളാഷ് നിർമ്മാണം

× പുസ്തകം വീട്ടിലേക്ക്

അമ്മ വായന പ്രോത്സാഹിപ്പിക്കാനായി ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ വീട്ടിലേക്ക്, വായന കുറിപ്പ് തയ്യാറാക്കൽ , മികച്ച കുറിപ്പ് കണ്ടെത്തൽ ,'അമ്മ പതിപ്പ് നിർമ്മാണം

× ഭാഷോത്സവം

പ്രാദേശിക കലാസാഹിത്യകാരൻമാരുടെ സഹകരണം ഉറപ്പാക്കൽ , സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കൽ ആശയങ്ങളും അനുഭവങ്ങളും വിവിധ വ്യവഹാരരൂപത്തിലാക്കൽ , തത്സമയ രചനകൾ നടത്തൽ.

× ആനുകാലിക പ്രസിദ്ധീകരണവും വായനയും

സ്കൂളിനും ക്ലാസ്സിനും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുക, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധതരം മത്സരങ്ങൾ നടത്തുക .

# * രംഗവേദി

⅄ **ക്ലാസ് , സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസ്സിലും ആഴ്ചയിലൊരിക്കൽ ക്ലാസ്, ബാലസഭ, മാസത്തിലൊരിക്കൽ സ്കൂൾ ബാലസഭ , സൃഷ്ടി കൾ പരിചയപ്പെടൽ, സൃഷ്ടികളുടെ പ്രകാശനം, പൊതുജന പങ്കാളിത്തം, സാഹിത്യസദസ് ,സംവാദം എന്നിവ സംഘടിപ്പിക്കൽ .

⅄ **ദിനാചരണങ്ങൾ**

എല്ലാ ദിനാചരണങ്ങളും വായനയുടെയും ,എഴുത്തിന്റെയും വികാസനത്തിനും അവ തരണത്തിനുമുള്ള വേദികളാക്കൽ, മത്സരങ്ങൾ സംഘടിപ്പിക്കൽ, കുട്ടികൾ നേതൃത്വം വഹിക്കൽ, പ്രോത്സാഹിപ്പിക്കൽ.

⅄ **റേഡിയോ ക്ലബ്**

കുട്ടികളുടെ സർഗാത്മക വികസനത്തിനുതകുന്ന പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ട് "ഇടവേളകളിൽ റേഡിയോ ക്ലബ് പ്രവർത്തനം , മികച്ച ക്ലാസ്സ്തല ക്ലബു കാരെ കണ്ടെത്തൽ, പ്രോത്സാഹനം .

⅄ **പൊതു വേദിയിലെ പ്രകടനം**

കുട്ടികളെ സഭാകമ്പം, ഉൾവലിയൽ എന്നിവയെ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്, ബാലസഭ, ദിനാഘോഷങ്ങൾ പൊതു ചടങ്ങുകൾ എന്നിവ കുട്ടികൾ തന്നെ സംഘടി പ്പിക്കുന്നതിനുള്ള അവസരം .

⅄ **റീഡേഴ്സ് തിയേറ്റർ**

ശില്പശാല സംഘടിപ്പിക്കൽ, ബാലസാഹിത്യ കൃതികളുടെ വായന, മികച്ച കാലാകാരന്മാ രുടെ സേവനം, ബാലസഭകളിൽ അവതരിപ്പിക്കൽ.

⅄ **പാട്ടരങ്ങ്**

സംഗീതോപകരണ ശില്പശാല, ഈണം നൽകൽ, കുട്ടികവിതകൾ തയ്യാറാക്കൽ, കുട്ടി കവിതകൾ വായനകാർഡുകളാക്കൽ, പ്രോത്സാഹനം .

## സ്കൂളകം – സാംസ്കാരികയിടം

⅄ **കവി സംഗമം**

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, പ്രാദേശിക കവിതകൾ എന്നിവയെ ഉൾപ്പെടുത്തി കവി സംഗമം സംഘടിപ്പിക്കുന്നു .

## * എഴുത്തോല

✕ **വായന സാമഗ്രികൾ വികസിപ്പിക്കൽ**

ഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്കും മുഖ്യധാരയിലുള്ള കുട്ടികൾക്കും പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്കും അനുയോജ്യമായ വായനാ സാമഗ്രഹികൾ ശേഖരിക്കൽ, രചനാ ശില്പശാല സംഘടിപ്പിക്കൽ , ശേഖര സമാഹരണം നടത്തൽ.

✕ **ഇൻലന്റ്" മാഗസിൻ ചുമർ മാസിക**

ദിനാഘോഷങ്ങളോടനുബന്ധിച്ചു കുട്ടികളുടെ സർഗ്ഗവാസനയേയും പൊതുവിജ്ഞാനത്തേയും വികസിപ്പിക്കുന്നതിനുവേണ്ടി ഇൻലന്റ്" മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ.

✕ **ചിത്രഗ്യാലറി**

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ , മഹത് വചനങ്ങൾ , ജീവചരിത്ര കുറിപ്പുകൾ , കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ.

✕ **പദനിഘണ്ടു**

പദങ്ങളെ അക്ഷരമാല ക്രമത്തിൽ ചിട്ടപ്പെടുത്തി എഴുതി പദനിഘണ്ടു തയ്യാറാക്കൽ

✕ **വർക്ക് ഷീറ്റുകൾ**

യൂണിറ്റുമായി ബന്ധപ്പെടുത്തി അനുയോജ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കി ഉപയോഗിക്കൽ , വിലയിരുത്തൽ.

✕ **മലയാള മധുരം**

സ്വതന്ത്ര വായന, ആശയഗ്രഹണം, വ്യവഹാരരൂപമാറ്റം, കുഞ്ഞുചിത്രകഥ, പുസ്തകനിർമ്മാണം.

✕ **സംയുക്ത ഡയറി**

അനുഭവങ്ങൾ പറയൽ , സ്വതന്ത്ര ഭാഷാശേഷിവികസനം ,സചിത്ര ഡയറിനിർമ്മാണം

✕ <u>സചിത്ര പുസ്തകം</u>

ശില്പശാല സംഘടിപ്പിക്കൽ , ചിത്ര ശേഖരണം , ചിത്രരചന, വാക്യരചന, സംഭാഷണം, ഭാഷോത്സവ അവതരണം

✕ <u>ക്ലാസ് പത്രം</u>

അനുഭവങ്ങളുടെ അവതരണം , ചിത്രശേഖരണം, കുറിപ്പ് തയ്യാറാക്കൽ, ചിത്ര രചന, പത്ര നിർമ്മാണം , പ്രദർശനം

✕ <u>രചനോത്സവം</u>

കഥാരചന , കവിതാരചന , പ്രതിമാസ രചനകൾ , ചിത്ര കഥനിർമ്മാണം രചനകൾ പ്രസിദ്ധീകരിക്കൽ

# * കൈത്താങ്ങ്

✕ ഭിന്നശേഷിക്കാർക്ക് ആവശ്യമായ പഠന സഹായം ലഭ്യമാക്കുക

✕ <u>ഐ സി റ്റി സാധ്യത പ്രയോജനപ്പെടുത്തൽ</u>

പഠനം ലളിതവും രസകരവുമാക്കി മാറ്റുന്നതിനുവേണ്ടി ഐ സി റ്റി സാധ്യതകളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ - നറുമൊഴി

## മലയാളം

| ക്രമ ന മ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ദീപ്തം മല യാളം | •പ്രീ-ടെസ്റ്റ്<br>•അക്ഷരം ഉറപ്പിക്കൽ<br>•ചിഹ്നങ്ങൾ ഉറപ്പി ക്കൽ<br>•സാധന സംയുക്ത മായി വാക്കുകൾ നിർമ്മിക്കൽ<br>•അക്ഷരകാർഡുകളു പയോഗിച്ച് പദ നിർമ്മാണം<br>•പദകാർഡുകളുപ യോഗിച്ച് വാക്യ നിർമ്മാണം<br>•സി ഡി പ്രദർശന ത്തിലൂടെ പദങ്ങൾ<br>•വാക്യങ്ങൾ, കഥ കവിത<br>•പ്രീ-ടെസ്റ്റ് തുടർപ്രവർത്തന ങ്ങൾ | രണ്ടാം പ്രവൃത്തി ദിവസം<br><br>ജൂൺ, ജൂലൈ<br><br>ആഗസ്റ്റ്-മാർച്ച് | വർക്ക് ഷീറ്റു കൾ<br><br>ചിത്രങ്ങൾ വസ്തുക്കൾ സി ഡി പുസ്തക ങ്ങൾ വർക്ക്ഷീറ്റു കൾ<br><br>വർക്ക്ഷീറ്റു കൾ വർക്ക്ഷീറ്റു കൾ | പി റ്റി എ, ബി ആർ സി, എസ് എസ് ജി<br><br>പി റ്റി എ, ബി ആർ സി, എസ് എസ് ജി ഐ ഇ ഡി ട്രെയിനർ<br><br>ക്ലാസ് അധ്യാപ കർ |

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | എഴുത്തോല | • എനിക്കൊരു നിഘണ്ടു<br>• വായനാപതിപ്പ്<br>• ഇൻലന്റ് മാഗസിൻ<br>• സ്കൂൾ മാഗസിൻ<br>• ചുമർപത്രിക പതിപ്പുകൾ<br>• കൈയെഴുത്ത് മാസിക ,കഥരചന കവിതാരൂപണം<br>• കവിതാ രചന കഥയിൽ നിന്നും<br>• കവിതയിലേക്ക് കവിതയിൽ നിന്നും കഥയിലേക്ക്<br>• ഞാനും എന്റെ സാഹിത്യ സൃഷ്ടികളും<br>• ചിത്രഗ്യാലറി<br>• ആസ്വാദനകുറിപ്പ്<br>• മലയാള മധുരം<br>• സ്വതന്ത്ര വായന, വ്യവഹാരരൂപമാറ്റം<br>• ചിത്ര കഥ പുസ്തക നിർമ്മാണം<br>• സംയുക്ത ഡയറി<br>• അനുഭവങ്ങൾ പറയൽ<br>• ഭാഷ ശേഷി വികസനം<br>• ചിത്ര രചന<br>• സംയുക്ത ഡയറി നിർമ്മാണം<br>• സചിത്ര പുസ്തകം<br>• ശില്പശാല സംഘടിപ്പിക്കൽ<br>• ചിത്ര ശേഖരണം<br>• സംഭാഷണം<br>• വാക്യരചന<br>• ഭാഷോത്സവ അവതരണം<br>• ക്ലാസ് പത്രം<br>• അനുഭവങ്ങളുടെ അവതരണം<br>• ചിത്ര ശേഖരണം<br>• കുറുപ്പ് തയ്യാറാക്കൽ<br>• പത്ര നിർമ്മാണം<br>• പ്രദർശനം<br>• രചനോത്സവം സംഘടിപ്പിക്കൽ<br>• പ്രതിമാസ രചന<br>• രചനകളുടെ പ്രസിദ്ധീകരണം | 10 മാസം<br><br>ജൂൺ - ജനുവരി<br><br>ജൂൺ - ജനുവരി | ലൈബ്രറി<br>സി ഡി ചിത്രങ്ങൾ<br>ചാർട്ടുകൾ<br>പത്രങ്ങളിലെ പാഠഭാഗങ്ങൾ<br>വായനാസാമഗ്രികൾ<br>വായനകാർഡുകൾ<br><br>ലൈബ്രറി<br>വായനാ സാമഗ്രികൾ<br>ബാലസാഹിത്യ കൃതികൾ<br>സി ഡി ചിത്രങ്ങൾ | ടി ആർ എസ്<br>ബി ആർ സി<br>ഡി ഐ ഇ ടി<br>സാഹിത്യ കാരന്മാർ<br>എസ് എസ് ജി<br><br>എസ് എസ് കെ<br>പഞ്ചായത്ത്<br>പി ടി എ<br>അധ്യാപകർ |

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | വായനാ സാക്ഷാത്കാരം | • ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>• ക്ലാസ് വായനാകൂട്ടം രൂപീകരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• പുസ്തക പ്രദർശനം<br>• വായനോത്സവം<br>• പത്രവായന<br>• വായനാകുറിപ്പ്<br>• പുസ്തകചർച്ച<br>• വായനസാക്ഷാത്കാരം<br>• പതിപ്പുതയ്യാറാക്കൽ<br>• മികച്ച വായനക്കാരെ കണ്ടെത്തൽ<br>• വായന ക്വിസ്സ്<br>• വായന സാമഗ്രികൾ വികസിപ്പിക്കൽ<br>• ജന്മദിനത്തിനൊരു പുസ്തകം<br>• വീട്ടിലേക്കൊരു പുസ്തകം ( അമ്മ വായന )<br>• ഭാഷോത്സവം<br>• പ്രാദേശിക കലാകാരന്മാരുടെ സഹകരണം<br>• സ്വതന്ത്ര വായന<br>• വ്യവഹാര രൂപമാറ്റം<br>• തത്സമയ രചനകൾ സംഘടിപ്പിക്കൽ | ജൂൺ<br><br>ജൂൺ - നവംബർ<br><br>ജൂൺ - ജനുവരി | പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ബാല മാസികകൾ<br><br>പുസ്തകങ്ങൾ<br>പ്രസിദ്ധീകരണങ്ങൾ<br>ലൈബ്രറി<br><br>ബാലസഭാ<br>ലൈബ്രറി<br>ബാലസാഹിത്യ കൃതികൾ<br>ബാലമാസികകൾ | പി റ്റി എ<br>റ്റി ആർ എസ്,<br>ബി ആർ സി ,<br>എസ് എസ് ജി<br>അയൽകാമം<br>ഗ്രന്ഥശാല<br><br>പി റ്റി എ<br>റ്റി ആർ എസ്<br>ബി ആർ സി<br>ക്ലാസ് അധ്യാപകർ<br><br>പി റ്റി എ<br>എസ് എസ് കെ<br>അധ്യാപകർ |

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4 | രംഗവേദി | • വിദ്യാരംഗം<br>• സാഹിത്യവേദി<br>• റേഡിയോ ക്ലബ്<br>• കവിതാലാപനം<br>• കഥാകഥനം<br>• റോൾപ്ലേ<br>• കോറിയോഗ്രഫി<br>• നാടകീകരണം<br>• കഥാരചന<br>• കവിതാരചന<br>• ചിത്രരചനാ<br>• പ്രസംഗകല<br>• നേതൃത്വ പാടവം<br>• അവതരണമികവ്<br>• ബാലസഭകൾ<br>• റേഡിയോ ക്ലബ്<br>• റീഡേഴ്സ് തിയേറ്റർ<br>• ശില്പശാല സംഘടിപ്പിക്കൽ<br>• ബാലസാഹിത്യ വായന<br>• മികച്ച കലാകാരന്മാരുടെ<br>• സേവനം<br>• പാട്ടരങ്ങ്<br>• സംഗീതോപകരണ ശില്പശാല<br>• ഈണം നൽകൽ<br>• വായനകാർഡ് നിർമ്മാണം | 1 വർഷം<br>1 വർഷം<br>ജൂൺ ജനുവരി | ബാലസഭകൾ<br>സി ഡി കൾ<br>ദിനാഘോഷങ്ങൾ<br>ശ്രദ്ധ<br>മൊഡ്യൂൾ<br>വായനാസാമഗ്രിക ൾ<br>ഗ്രന്ഥശാല<br>സ്കൂൾ ലൈബ്രറി<br>സംഗീത ഉപകരണ ങ്ങൾ | റ്റി ആർ എസ്<br>പി റ്റി എ<br>എസ് എസ് എ<br>എസ് എസ് ജി<br>പി റ്റി എ<br>എസ് എസ് ജി<br>പി റ്റി എ<br>എസ് എസ് ജി<br>പി റ്റി എ<br>ബി ആർ സി<br>അധ്യാപകർ |
| 5 | കൈത്താങ്ങ് | • പിന്നോക്കക്കാരെ മുൻനിരയിലെത്തി ക്കുന്ന ശ്രദ്ധ പ്രോഗ്രാമിലെ പ്രവർത്തനങ്ങൾ<br>• ഐ സി റ്റി സാധ്യത<br>• ഭിന്നശേഷിക്കാർക്ക് പഠനസഹായം | | | |
| 6 | സ്കൂളകം സാംസ്കാരി കയിടം | • കവിസംഗമം<br>• സാഹിത്യ സംവാദം | | | |

# Sweety English

English is 'Universal Language' English education is very necessary for the good future of all students. As it is a foreign language, our students faces many problems. One of the main problem is they hesitate to speak English. Lack of vocabulary and confidence are the reasons for this. Lack of hearing English and circumstances make them to withdraw from speaking. Overcome these problems, make them good readers and writers are our main aims. By creating a good interesting English atmosphere in our classroom will make all the students good in English. We should give more attention to slow and develop self confidence to speak English fluently. To achieve these goals, Avanakuzhi Govt. L P School take this project with the full support and co-operation of Panchayat and BRC,SSG and Teachers.

# Sweety English

English is 'Universal Language' English education is very necessary for the good future of all students. As it is a foreign language, our students faces many problems. One of the main problem is they hesitate to speak English. Lack of vocabulary and confidence are the reasons for this. Lack of hearing English and circumstances make them to withdraw from speaking. Overcome these problems, make them good readers and writers are our main aims. By creating a good interesting English atmosphere in our classroom will make all the students good in English. We should give more attention to slow and develop self confidence to speak English fluently. To achieve these goals, Avanakuzhi Govt. L P School take this project with the full support and co-operation of Panchayat and BRC,SSG and Teachers.

# AIMS:-

- Create English atmosphere
- Make them interest in English
- Develop self confidence
- Develop Spoken English ability
- Make them good comprehensive readers
- Make sure that they achieve the learning abilities at their levels
- Set English corner in class rooms
- Set English library
- Creating reading and writing interest
- Language acquisition through language games and puzzles.
- Inland magazine, English magazine, wall magazine
- News paper reading
- Riddles and proverbs
- Quiz and Elocution competitions
- English fest, English carnival
- English assembly
- Give attention to CWSN students

## Activities:-

- **Pre-test**
  Find the slow learners
- **Alphabet Learning**
  Using pictures and C D learn activities and its correct pronunciation
- **Letter cards and word cards**
  Using letter cards write words, using cards construct small meaningful sentences
- **Pictures – Descriptions, Heading caption**
  using pictures give practice to write description heading and caption etc.
- **Story time**
  Continue the story telling giving first part of the story, give to continue the story.
- **Picture Description through ICT**
  Using CD, give practice to describe the picture, Re-arrange the incidents etc.
- **Story reading**
  Class Library books, Cards
- **English Corner**

  Set letter cards, word cards, word webs, picture cards, sentence cards in the English corner in each class.
- **English Fest and English Carnival**
  Conduct and make worksheets in connection with lessons.
- **Work Sheets**
  Collect and make worksheets in connection with lessons
- **Choreography**
  Give chance to slow learners to participate in the choreography.

- **Dramatisation**

  Write script and act drama lessons in connection with lessons

- **Develop reading materials**

  Encourage their reading, develop reading materials at their levels.

- **Spoken English**

  Conduct spoken English class by well known persons.

- **Dairy writing**

  Practice to write daily dairy

- **Class Library**

  Set English books, magazines and newspapers

- **Story Time**

  Story telling, story writing, story reading etc

- **Balasabha**

  Conduct English Balasabha presentation of creative activities.

- **English assembly**

  Once in a week

- **Magazine**

  Inland magzine, wall magazine, School magazine-

  Encourage the creative activity

- **Stage Presentation**

  To avoid stage fear, give chances to present their activities in assembly and stage.

- **Individual and group writing**

  Encourage their inborn talents in writing

- **Quiz, Mega quiz**

  Conduct quiz and mega quiz competition in connection with day celebrations.

- **Speech**

  Conduct elocution competitions in connection with day celebrations.

- **Expansion of proverbs**

  Reading proverbs and its explanation daily assembly

- **Riddle**

  Showing pictures give practice with riddles. Making riddles

| Programe | Activities | Duration | Physical | Supports |
|---|---|---|---|---|
| English English | • Pre test<br>• Alphabet learning<br>• Picture reading and writing | 3 June $1^{st}$ week<br>June, July | worksheet<br>word card | Class Trs.<br>Trs. |
| Reading Fest | • Reading corner<br>• Class Library<br>• Membership in the near public library<br>• News Reading<br>• Reading festivals<br>• Develop reading materials<br>• Watch T V News at home | June-March | Book<br>Reading cards<br>News papers | Trs<br>Parents<br>BRC<br>SSG |
| Hello English | • Quiz<br>• Balasabha<br>• Class magazine<br>• Wall magazine<br>• School<br>• Individual writings | June-March | Books<br>Pictures<br>Objects<br>Worksheets<br>ICT | |

| Programe | Activities | Duration | Physical | Supports |
|---|---|---|---|---|
| Day for English | Dairy writing<br>Expansion of proverbs<br>riddles<br>worksheets<br><br>Balasabha<br>Choreography<br>Dramatisation<br>Skit Roleplay<br>Elocution<br>English Assembly<br>English Fest<br>English carnival | June- March | CD Books<br>ICT | Teachers, BRC, SSG, PTA |

# ഗണിത ചെപ്പ്

## ആമുഖം

ഗണിതാശയങ്ങൾ നിത്യജീവിതവുമായി ഇഴുകിച്ചേർന്നതാണ്. പ്രാഥമിക ഗണിതശേഷികൾ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഓരോ ഘട്ടത്തിലും നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചാൽ ഗണിതത്തോടു കുട്ടികൾ കൂടുതൽ അടുക്കുകയും ഗണിത ക്ലാസുകൾ ഭയരഹിതവും രസകരവുമായി തീരും. ചതുഷ്ക്രിയകളുടെ അടിസ്ഥാന വസ്തുതകൾ മനസ്സിലാക്കി ഗണിതത്തിന്റെ കൗതുക ലോകത്തേക്ക് കുട്ടികളെ ആനയിച്ചു കൊണ്ടു വരേണ്ടത് അത്യാവശ്യമാണ്. നിത്യ ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനും നിർദ്ധാരണം ചെയ്യുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനും ഗണിത ക്ലാസ്സുകൾ ഉത്സാഹഭരിതമാക്കുന്നതിനും വേണ്ടിയുള്ള ഒരു ശ്രമമാണ് 'ഗണിതം മധുരം' എന്നുള്ള പദ്ധതി.

## ഗണിതചെപ്പ്

### ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഗണിതത്തോടൊപ്പം ജീവിതം ആസ്വദിക്കുക.
- ഗണിതവുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ നേടി എന്നുറപ്പാക്കുക.
- ഐ സി റ്റി സാധ്യതകൾ ഗണിതപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- ഗണിത പഠനത്തോടുള്ള വിമുഖത ഇല്ലാതാക്കുക.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തനാക്കുക.

## പ്രവർത്തനങ്ങൾ

### ♣ഗണിതശില്പശാല

- ഗണിത കിറ്റ് -എല്ലാ കുട്ടികൾക്കും വ്യക്തിപരമായി ഗണിതകിറ്റുകൾ ഉറപ്പാക്കുന്നു.
- ഗണിത കളികളുടെ ശേഖരം-കുസൃതികണക്കുകൾ, ഏണിയും പാമ്പും, ഡൈസ്കളി, പസിൽസ്സ് ഇവയുടെ ശേഖരം
- രൂപങ്ങൾ- ശേഖരം, നിർമ്മാണം, രൂപങ്ങൾ ഉപയോഗിച്ചുള്ള രൂപങ്ങൾ, പാറ്റേണുകൾ ഇവയുടെ നിർമ്മാണം
- ഗണിതപഠനോപകരണ നിർമ്മാണം- ഗണിതവുമായി ബന്ധപ്പെട്ട വിവിധ പഠനോപകരണങ്ങൾ നിർമ്മിക്കുക.
- പാറ്റേണുകളുടെ ശേഖരണം- ചിത്രപാറ്റേണുകൾ, സംഖ്യാപാറ്റേണുകൾ എന്നിവ ശേഖരിക്കുക, നിർമ്മിക്കുക.
- വർക്ക്ഷീറ്റുകളുടെ നിർമ്മാണം, ഉപയോഗം

### ♣ഗണിതവിസ്മയം

- മതിച്ചു പറയൽ, ഊഹിച്ചു പറയൽ
- അളവുകളും തൂക്കങ്ങളും
- കണക്കും, കൃഷിയും
- സമയവും, കാലവും
- ഗണിതം ഐ സി റ്റി സാധ്യതകളിലൂടെ
- ഗണിത കൗതുകം
- ഗണിത കേളികൾ
- കുസൃതി കണക്കുകൾ

- ടാൻഗ്രാം
- ഗണിത പുസ്തക ശേഖരണം
- ഗണിത നിഘണ്ടു നിർമ്മാണം
- ഗണിത ക്വിസ്
- ഗണിത ക്ലബ് പ്രവർത്തനം
- ഒറിഗാമി
- ഗണിത ലാബ്

## ❖ഗണിതോത്സവം

- ഗണിത താരം, സെമിനാർ
- ഗണിത ബാഡ്ജ്
- ഗണിത പ്രദർശനം
- ഗണിതമേളകൾ

## ഗണിത ചെപ്പ്

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| 1 | ♣ഗണിത ശില്പശാല | *പഠനോപകരണ നിർമ്മാണം<br>*ഗണിത കിറ്റ്<br>*വർക്ക്ഷീറ്റ് നിർമ്മാണം<br>*ഗണിതകേളികൾ<br>*പസിൽസ്<br>*പാറ്റേൺസ്<br>*വർക്ക്ഷീറ്റ് ഉപയോഗം<br>*കുസൃതി കണക്കുകൾ, ഐ സി റ്റി ഗണിത കളികൾ ടാൻഗ്രാം,ഒറിഗാമി<br>*സമയവും, കാലവും<br>*ഗണിതംഐസിറ്റി സാധ്യതകളിലൂടെ<br>*ഗണിതകൗതുകം<br>*ഗണിതകേളികൾ<br>*കുസൃതികണക്കുകൾ | മേയ് ജൂൺ<br>ജൂലൈ<br>ജൂൺ മാർച്ച് | പാഴ് വസ്തുക്കൾ<br>പഠനോപകരണങ്ങൾ<br>ഐ സി റ്റി മൊഡ്യൂൾ<br>രൂപങ്ങൾ<br>ചാർട്ടുകൾ<br>ലൈബ്രറി<br>ഗണിതമൂല | റ്റി ആർ എസ്<br>എസ് എസ് ജി<br>പി റ്റി എ<br>റ്റി ആർ എസ്<br>എസ് എസ് ജി<br>പി റ്റി എ<br>കുട്ടികൾ<br>ഗണിതക്ലാസ്<br>പി റ്റി എ |

| | | | | | |
|---|---|---|---|---|---|
| 2 | ♣ഗണിത വിസ്മയം | *ടാൻഗ്രാം<br>*ഗണിത പുസ്തകശേഖരണം<br>*ഗണിതനിഘണ്ടു നിർമ്മാണം<br>*ഗണിത ക്വിസ്<br>*ഗണിതക്ലബ് പ്രവർത്തനം<br>*ഗണിത ലാബ് | ജൂൺ മാർച്ച് | ഗണിത കിറ്റ്<br>ഗണിത മൂല<br>ഗണിത ലാബ്<br>ഗണിത ക്ലബ് | റ്റി ആർ എസ്<br>എസ് എസ് ജി<br>പി റ്റി എ |
| 3 | ♣ഗണിതോത്സവം | ഗണിതതാരം<br>സെമിനാർ<br>ഗണിതബാഡ്ജ്<br>ഗണിതപ്രദർശനം<br>ഗണിതമേളകൾ | ആഗസ്റ്റ് സെപ്തംബർ | | റ്റി ആർ എസ്<br>എസ് എസ് ജി<br>പി റ്റി എ |

# പരിസര പഠനം

## പ്രകൃതിയും ഞാനും

### ആമുഖം

ജീവരാശിയുടെ നിലനിൽപ്പ് പരിസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നത്. പരിസരം പാഠശാലയാക്കി കൊണ്ട് പരിസര പഠനം ലളിതവും രസകരവും ഗുണ പ്രദവും ആക്കുക എന്ന ദൗത്യമാണ് ഈ പ്രോജക്ടിൽ ഏറ്റെടുത്തിരിക്കുന്നത്. മാലിന്യമുക്തമായ പരിസരം, ജൈവവൈവിധ്യത കാത്തു സൂക്ഷിക്കൽ എന്നിവയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തി പരിസ്ഥിതി പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടുള്ള ഒരു പഠനം കാഴ്ചവയ്ക്കുന്നതിലൂടെ കുട്ടികളെ പ്രകൃതിസ്നേഹികളാക്കി, ആരോഗ്യവാൻമാരായി വളരാൻ പ്രാപ്തരാക്കുകഎ എന്നതാണ് ലക്ഷ്യമിടുന്നത്. അതിനായി കൃഷി നേരനുഭവമാക്കിയും പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും പഠനയാത്രകളിലൂടെയുള്ള പരിസരപഠനം ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനത്തിൽ താൽപ്പര്യം വളർത്തുക.
- കുട്ടികൾ അതാതു ക്ലാസുകളിൽ നേടേണ്ട  പഠന നേട്ടങ്ങൾ നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.
- ശാസ്ത്രാവബോധം, ശാസ്ത്ര മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങശ ഒരുക്കുക.
- ശാസ്ത്രോപകരണങ്ങൾ കൈകാര്യംചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- സയൻസ് ലാബ് സജ്ജമാക്കുക.
- ശാസ്ത്രജ്ഞൻമാരെ കുറിച്ച് അറിയൽ.
- സയൻസ് ക്ലബ് പ്രവർത്തനങ്ങൾ സജ്ജീവമാക്കൽ
- ലഘു പരീക്ഷണ മൂലകൾ സജ്ജീകരിക്കൽ
- ലഘു ശാസ്ത്രോപകരണ നിർമ്മാണം
- കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ
- ജൈവ വൈവിധ്യ പാർക്ക്
- പ്രകൃതി പഠനയാത്രകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- സാമൂഹിക ഇടപെടലിലൂടെ പരിസര പഠനം.

പ്രവർത്തനങ്ങൾ

## ശാസ്ത്രം വിരൽത്തുമ്പിൽ

- ക്ലാസ് ഒരു പരീക്ഷണശാല

  അതാതു ക്ലാസ്സിന്റെ നിലവാരത്തിനനുസരിച്ച് പരീക്ഷണത്തിനുള്ള സാമഗ്രികൾ സജ്ജമാക്കൽ.

- സയൻസ് ക്വിറ്റ്

  ഓരോ ക്ലാസ്സിനും ഓരോ കുട്ടിക്കും

- ലാബ് നവീകരണം

## നാടിനെ അറിയാം

- പഠനയാത്രകൾ, ഫീൽഡ് ട്രിപ്പ്.

  പഠനം നേരനുഭവമാക്കലിന്റെ ഭാഗമായി പഠനയാത്രകളും ഫീൽഡ് ട്രിപ്പുകളും സംഘടിപ്പിക്കൽ.

- കാർഷിക ക്ലബ്

- പരിസ്ഥിതി ക്ലബ്

- നാട്ടുവിശേഷം

- കൂട്ടെഴുത്ത്

## പരിസരം ഒരു പാഠശാല

- ജൈവ വൈവിധ്യ പാർക്ക്.

  വിദ്യാലയം ഒരു പുസ്തകമാക്കലിന്റെ ഭാഗമായി സ്കൂളിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക.

- ഔഷധത്തോട്ട നിർമ്മാണം

  ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള നാട്ടറിവ് ശേഖരിക്കൽ, പ്രയോജനപ്പെടുത്തൽ.

- ശലഭ പാർക്ക്

  ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ പൂന്തോട്ടത്തിൽ നട്ട് സംരക്ഷിക്കൽ.

- ശുചിത്വമുള്ള വിദ്യാലയം

## ശാസ്ത്രവീക്ഷണം

- ശാസ്ത്ര ഗ്യാലറി
- പഠനോപകരണം
- സയൻസ് ക്വിസ്
- ശാസ്ത്ര പുസ്തക ശേഖരം

  ക്ലാസ് ലൈബ്രറിയിൽ ശാസ്ത്ര പുസ്തക ശേഖരമൊരുക്കൽ

- പ്രദർശനങ്ങൾ
- ശുചിത്വ സേന

# പരിസര പഠനം

## പരിസരം ഒരു പാഠശാല

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ♥ ശാസ്ത്രം വിരൽത്തുമ്പിൽ<br><br>ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തൽ | *ലഘു ശാസ്ത്രോപകരണനിർമ്മാണം<br>*സയൻസ് കിറ്റ്<br>*ലാബ് നവീകരണം | ജൂൺ ആഗസ്റ്റ് | ലഭ്യമായ പാഴ് വസ്തുക്കൾ | അധ്യാപകർ എസ് എസ് ജി പി റ്റി എ |
| 2 | ♥ ശാസ്ത്രവീക്ഷണം | *ശാസ്ത്ര ഗ്യാലറി<br>*ശാസ്ത്ര പുസ്തക ശേഖരണം<br>*സയൻസ് ക്വിസ്<br>*പരീക്ഷണ നിരീക്ഷണങ്ങൾ<br>*പ്രദർശനങ്ങൾ | ജൂൺ മാർച്ച് | ചിത്രങ്ങൾ പുസ്തകങ്ങൾ സയൻസ് ലാബ് ഐ സി റ്റി | റ്റി ആർ എസ് എസ് എസ് ജി പി റ്റി എ |
| 3 | ♥ നാടിനെ അറിയാൻ | *ഫീൽഡ് ട്രിപ്പ്<br>*സർവ്വെ ശേഖരണം<br>*ബോധവൽക്കരണ ക്ലാസുകൾ | 1 വർഷം | | സമൂഹം അധ്യാപകർ പി റ്റി എ |

| | | | | | |
|---|---|---|---|---|---|
| 4 | പരിസരം ഒരു പാഠശാല | • ജൈവവൈവിധ്യ പാർക്ക്<br>• ജൈവവൈവിധ്യ രജിസ്റ്റർ<br>• പൂന്തോട്ട നിർമ്മാണം<br>• ഔഷധത്തോട്ട നിർമ്മാണം<br>• പച്ചക്കറിത്തോട്ട നിർമ്മാണം<br>• കാർഷിക ക്ലബ്<br>• പരിസ്ഥിതി ക്ലബ് | 1 വർഷം<br>2 വർഷം | സ്കൂൾ പരിസരം | കൃഷി വിദഗ്ധൻ<br>കൃഷി ഓഫീസർ<br>ചുറ്റുപാടുമുള്ള കൃഷിക്കാർ<br>പി റ്റി എ<br>എസ് എസ് ജി<br>പൂർവ്വവിദ്യാർത്ഥി |
| | | • പ്ലാസ്റ്റിക് നിർമ്മാർജ്ജനം<br>• വ്യക്തി ശുചിത്വം<br>• പരിസര ശുചിത്വം<br>• ശുചിത്വ സേന<br>• ശുചിത്വബോർഡ്<br>• ശുചിത്വ ക്ലബ് | 1 വർഷം<br>2 വർഷം | സ്കൂൾ നാട്<br>വീട് | പി എച്ച് സി<br>പഞ്ചായത്ത്<br>പി റ്റി എ<br>എസ് എസ് ജി<br>പൂർവ്വവിദ്യാർത്ഥി |
| | ധാന്യവിശേഷം കൂട്ടെഴുത്ത് | • പ്രകൃതി നടത്തം<br>• ഫീൽഡ് ട്രിപ്പ്<br>• ചിത്രരചന<br>• പതിപ്പ് നിർമ്മാണം<br>• കൂട്ടെഴുത്ത്<br>• പ്രദർശനം | ജൂലൈ<br>ഡിസംബർ | സ്കൂൾ<br>നാട്<br>വയലുകൾ<br>പുഴകൾ | സമൂഹം<br>അദ്ധ്യാപകർ<br>പി റ്റി എ |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യം

- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- സ്കൂൾ പരിസരം മാലിനമുക്തകാക്കുക.
- സ്കൂൾ  പരിസരം ഹരിതാഭമാക്കുക.

## പ്രവർത്തനങ്ങൾ

- യോഗപരിശീലനം
- Mass drills.
- സ്കൂൾ അസംബ്ലി
- ശുചിത്വ സേന
- ശുചിത്വക്ലബ്
- ജൈവ വൈവിധ്യ പാർക്ക്
- പൂന്തോട്ട നിർമ്മാണം
- ഡ്രൈ ഡേ
- മാലിന്യ വിമുക്ത വിദ്യാലയം
- സ്പോർട്സ് പരിശീലനം
- ബോധവൽക്കരണ ക്ലാസുകൾ
- മെഡിക്കൽ ക്യാമ്പുകൾ

## ആരോഗ്യകായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളുടെ ആരോഗ്യക്ഷമത ഉറപ്പ് വരുത്തൽ | ♣യോഗ പരിശീലനം<br>♣മാസ് ഡ്രിൽ<br>♣ശുചിത്വ സേന<br>♣ശുചിത്വ ക്ലബ്<br>♣ഡ്രൈഡേ<br>♣സ്പോർട്സ് പരിശീലനം<br>♣മാലിന്യവിമുക്ത<br>♣മാതൃ വിദ്യാലയം<br>♣ബോധവർക്കരണ ക്ലാസുകൾ<br>♣മെഡിക്കൽ ക്യാമ്പ് | ജൂൺ - മാർച്ച് | | പൂർവ്വ വിദ്യാർത്ഥി<br>പി എച്ച് സി<br>ടീച്ചേഴ്സ് |

# നിറക്കൂട്ട്

## കല- പ്രവൃത്തി പരിചയം

**ലക്ഷ്യം**

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- പാഴ്വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങളോ പ്രയോജനപ്രദമായ ഉത്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കൽ.
- സർഗാത്മക കഴിവുകശ കണ്ടെത്തി വികസിപ്പിക്കുക.
- കലാഭിരുചി വളർത്തുക

**പ്രവർത്തനങ്ങൾ**

- പാഴ്വസ്തുക്കളിൽ നിന്നും ഉത്പന്നങ്ങൾ നിർമ്മാണ പരിശീലനം.
- കടലാസ് കൊണ്ടുള്ള ഉൽപ്പന്ന നിർമ്മാണ പരിശീലനം.
- ഒറിഗാമി പരിശീലനം.
- പേപ്പർ ബാഗ്, കവർ നിർമ്മാണ പരിശീലനം.
- ചിത്രകലാ പരിശീലനം.
- ഡാൻസ് പരിശീലനം.
- നാടൻപാട്ട്, കളരികൾ.
- നാടക ക്യാമ്പ്.
- സോപ്പ് നിർമ്മാണ പരിശീലനം.
- ലോഷൻ നിർമ്മാണ പരിശീലനം.
- സോപ്പുപൊടി നിർമ്മാണ പരിശീലനം
- തയ്യൽ പരിശീലനം.
- മുത്തുകൾ കൊണ്ടുള്ള ആഭരണനിർമ്മാണ പരിശീലനം.

## കല- പ്രവൃത്തി പരിചയം

## നിറക്കൂട്ട്

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | നിർമ്മാണാത്മക മായ കഴിവുകൾ വികസിപ്പിക്കൽ | പാഴ് വസ്തുക്കളിൽ നിന്നും ഉത്പന്നങ്ങൾ<br>പേപ്പർ ക്രാഫ്റ്റ്<br>ഒറിഗാമി<br>പേപ്പർ ബാഗ് കവർ നിർമ്മാണം<br>തയ്യൽ പരിശീലനം<br>മുത്തുകൊണ്ടുള്ള ഉൽപ്പന്നങ്ങൾ | ആഗസ്റ്റ്- ഒക്ടോബർ | പാഴ് വസ്തുക്കൾ<br>പേപ്പർ<br>മുത്തുകൾ | നിർമ്മാണ വിദഗ്ധർ<br>റ്റി ആർ എസ്<br>എസ് എസ്<br>പി റ്റി എ<br>പൂർവ്വ വിദ്യാർത്ഥി കൾ |
| 2 | ചിത്രരചനാ പരിശീലനം | ചിത്രരചനാക്യാമ്പ് | ജൂൺ- ഫെബ്രുവരി | | ചിത്രകാരന്റെ സേവനം |
| 3 | തൊഴിൽ പരിശീലനം | സോപ്പ് നിർമ്മാണം<br>ലോഷൻ നിർമ്മാണം<br>സോപ്പുപൊടി നിർമ്മാണം | ഒക്ടോബർ | | ഗാന്ധിദർശൻ |
| 4 | നാടകം- നാടൻപാട്ട് | നാടക ക്യാമ്പ്<br>നാടൻപാട്ട്, കളരി | ഡിസംബർ | | കലാകാരൻമാരുടെ സേവനം<br>പൂർവ്വ വിദ്യാർത്ഥി കൾ |
| 5 | നൃത്തം പരിശീലനം | നൃത്ത പരിശീലനം | ആഗസ്റ്റ്- മാർച്ച് | | നൃത്ത അധ്യാപിക<br>പി റ്റി എ<br>പൂർവ്വ വിദ്യാർത്ഥി കൾ |

# നവമാധ്യമം വിദ്യാലയത്തിൽ

## ആധുനികവിവരസാങ്കേതിക വിദ്യയുടെ ഉപയോഗം

പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെയുള്ള പഠനം. സ്കൂളിൽ നടക്കുന്ന പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിക്കുന്നതിനും ഭാഷാശേഷിയും ഉയർന്ന നിലവാരം വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിടുന്നു.

പ്രവർത്തനങ്ങൾ

- ഫെയിസ് ബുക്ക്

  സ്കൂളിൽ സ്വന്തമായും ഫെയിസ്ബുക്ക് അക്കൗണ്ട് തുടങ്ങുകയും വിവരങ്ങൾ അപ്പപ്പോൾ അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നു.

- ബ്ലോഗ്

  സ്കൂൾവിവരങ്ങളുടെ നേർകാഴ്ചയായി സ്കൂൾബ്ലോഗ് ആരംഭിക്കുന്നു

- ഞങ്ങൾക്കും ഇ-മെയിൽ വിലാസം

  മൂന്ന്, നാല് ക്ലാസിലെ കുട്ടികൾക്ക് സ്വന്തമായി ഇ-മെയിൽ വിലാസം തയ്യാറാക്കുകയും മെയിൽ ഓപ്പൺ ചെയ്യുന്നതിനും വിവരങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള പരിശീലനം നൽകുന്നു.

- രക്ഷാകർതൃ വാട്സാപ്പ് ഗ്രൂപ്പ്

  രക്ഷിതാക്കളും അധ്യാപകരും ഉൾപ്പെടുന്ന വാട്സാപ്പ് ഗ്രൂപ്പ്രൂപീകിക്കുന്നു.

- നേർകാഴ്ചയിലൂടെയുള്ള പഠനം

  പഠനം ലളിതവും ആസ്വാദ്യകരവുമാക്കി മാറ്റുന്നതിന് എല്ലാ ക്ലാസ്സുകളും വിഷയാടിസ്ഥാനത്തിൽ ഐ സി റ്റി സാധ്യതയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തൽ

# സമൂഹവും വിദ്യാലയവും

## സമഗ്രവിദ്യാഭ്യാസവും പൊതുജന പങ്കാളിത്തവും

പൊതുവിദ്യാലയം എന്റെ വിദ്യാലയം എന്ന കാഴ്ചപ്പാട് ഉൾക്കൊണ്ടു കൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തി വിദ്യാലയസംരക്ഷണത്തിനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്ന ലക്ഷ്യം.

**പ്രവർത്തനങ്ങൾ**

- ഗൃഹസന്ദർശനം

  രക്ഷകർതൃപ്രതിനിധികളും, അധ്യാപകരും അടങ്ങുന്ന സംഘം എല്ലാ കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും സൗഹൃദം പുലർത്തുകയും ചെയ്യുന്നു.

- ദിനാചരണങ്ങൾ

  ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളിൽ എല്ലാം സാമൂഹികമായ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുന്നു.

- വീട്ടുമുറ്റങ്ങളിലെ മികവുത്സവം (കോർണർ പി റ്റി എ)

  വിദ്യാലയമികവുകൾ സമൂഹശ്രദ്ധയിലേയ്ക്ക് എത്തിക്കുന്നതിന് രക്ഷിതാക്കളെ സ്കൂളുമായി കൂടുതൽ അടുപ്പിക്കുന്നതിനുമായി ഓരോ മേഖലയിലും മുകവുത്സവങ്ങൾ സംഘടിപ്പിക്കുന്നു.

- ക്ലാസ്സ് പി റ്റി എ

  എല്ലാ മാസവും കൃത്യമായി ക്ലാസ്സ് പി റ്റി എ കുടി കുട്ടികളുടെ പഠന നേട്ടങ്ങൾ, രക്ഷിതാക്കൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എന്നിവ പങ്കു വയ്ക്കുന്നു.

- പി റ്റി എ
- പൂർവ്വവിദ്യാർത്ഥി സംഘടന
- പൂർവ്വഅധ്യാപക കൂട്ടായ്മ
- എസ് എസ് ജി

പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| ഭാഷ | ഗണിതം | പരിസരപഠനം | ഇംഗ്ലീഷ് | ഐ സി റ്റി | സാമൂഹിക ഇടപെടൽ |
|---|---|---|---|---|---|
| *ദീപ്തം മലയാളം<br>*വായനാ സാക്ഷാത്ക്കാരം<br>*എഴുത്തോല<br>*സ്കൂളകം സാംസ്കാരി ഇടം<br>*രംഗവേദി<br>*കൈത്താങ്ങ് | ♣ഗണിത ശില്പ ശാല<br>♣ഓണസ്റ്റി ഷോപ്പ്<br>♣ഗണിത വിസ്മയം<br>♣ഗണി തോത്സവം<br>♣ | ♥ശാസ്ത്രം വിരൽത്തുമ്പിൽ<br>♥പരിസരം ഒരു പാഠശാല<br>♥ശാസ്ത്ര വീക്ഷണം | ഇംഗ്ലീഷ് -ഇംഗ്ലീഷ്<br>റീഡിംഗ് ഫെസ്റ്റ്<br>ഹലോ ഇംഗ്ലീഷ്<br>എ ഡേ ഫോർ ഇംഗ്ലീഷ് | ഫെയ്സ് ബുക്ക്<br>ബ്ലോഗ്<br>ഞങ്ങൾക്കും ഇ-മെയിൽ ഐ ഡി<br>രക്ഷകർതൃ വാട്ട്സാപ്പ് ഗ്രൂപ്പ്<br>നേർക്കാഴ്ചാപഠനം | യോഗ പരിശലനം<br>ശിശു സൗഹൃദ ദിനാചരണങ്ങൾ<br>ഗൃഹ സന്ദർശനം<br>വീട്ടുമുറ്റങ്ങളിലെ മികവുത്സവം<br>സി പി റ്റി യു<br>പി റ്റിഎ<br>എം പി റ്റി എ<br>എസ് എസ് ജി<br>പൂർവ്വ വിദ്യാർത്ഥി സംഘടന<br>പൂർവ്വ അധ്യാപക കൂട്ടായ്മ |